**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1213** **10-10-2024 - ൽ മറുപടിയ്ക്ക്**

**കരമന-വെള്ളറട റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം ജില്ലയിലെ കരമന-വെള്ളറട റോഡ് നിർമ്മാണത്തിന്റെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര തുകയ്ക്കാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയതെന്നും എത്ര മീറ്റർ വീതിയിലാണ് നിർമ്മാണം നടത്തുന്നതെന്നും അറിയിക്കാമോ; | (എ) | 13.5 മുതൽ 24 മീറ്റർ വരെ വീതിയിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള ഡിസൈൻ വിഭാഗം തയ്യാറാക്കിയ കരമന- വെള്ളറട റോഡിന്റെ 225.3 കോടി രൂപയുടെ ഡി.പി.ആർ ഭരണാനുമതിക്കായി ലഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തിക്കായി സ്ഥലം ഏറ്റെടുക്കേണ്ടതുണ്ടോ; എങ്കിൽ അതിന്റെ നിലവിലെ സ്ഥിതിയും അതിലേക്ക് ആവശ്യമുള്ള തുകയും അറിയിക്കാമോ; | (ബി) | കരമന - വെള്ളറട റോഡ് 3 റീച്ച് ആയാണ് ഭൂമി ഏറ്റെടുക്കൽ നടപടികൾ നടന്നു വരുന്നത്. 1$^{st}$ റീച്ചിന്റെ (കരമന മുതൽ കുണ്ടമൺകടവ് പാലം വരെ (0/000-5/500)) 11(1) പ്രസിദ്ധീകരിച്ചിട്ടുള്ളതും 19(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പിൽ നിന്നും സ്വീകരിച്ചു വരുന്നതുമാണ്. 2$^{nd}$ (കുണ്ടമൺ കടവ് മുതൽ ഞാറവിള വരെ) &3$^{rd}$ ഞാറവിള മുതൽ വെള്ളറട വരെ) റീച്ചുകളുടെ 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കേണ്ടതുണ്ട്. ആദ്യ റീച്ചിന്റെ സ്ഥലമേറ്റെടുക്കൽ പ്രവത്തികൾക്കായി 120 കോടി രൂപയുടെ എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ട്. അത് പരിശോധിച്ചു വരുന്നു. |
| (സി) | പൊതുമരാമത്തു വകുപ്പിന്റെ ഏതു വിഭാഗത്തിനാണ് പ്രസ്തുത റോഡ് നിർമ്മാണത്തിന്റെ ചുമതലയെന്നും പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നും അറിയിക്കാമോ; | (സി) | പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡിനാണ് കരമന-വെള്ളറട റോഡ് പ്രവൃത്തിയുടെ ചുമതല. സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ ടെണ്ടർ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. |
| (ഡി) | പ്രസ്തുത റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് സാമൂഹികാഘാത പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ? | (ഡി) | സാമൂഹികാഘാത പഠനം നടത്തിയിട്ടുണ്ട്. ആദ്യ റീച്ചിന്റെ (1.1356 Hectare) Centre for Management Development (CMD) എന്ന ഏജൻസി വഴിയും, രണ്ടാമത്തെ റീച്ചിന്റെ (4.5670 Hectare) Rajagiri Outreach എന്ന ഏജൻസി വഴിയും, മൂന്നാമത്തെ റീച്ചിന്റെ (4.549 Hectare) Kerala Voluntary Health Services എന്ന |

| | | | |
|---|---|---|---|
| | | | ഏജൻസി വഴിയുമാണ് പ്രസ്തുത പഠനം 2020-2021 കാലഘട്ടത്തിൽ നടത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ